കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

# പാർലമെൻറ് നടപടികൾ (പ്രസിദ്ധീകരണ പരിരക്ഷണ) ആക്ററ്, 1956

(1956-ലെ 24-ാം ആക്ററ്)

(1974-ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1974

കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

सत्यमेव जयते

# പാർലമെൻറ് നടപടികൾ (പ്രസിദ്ധീകരണ പരിരക്ഷണ) ആക്ററ്, 1956

(1956-ലെ 24-ാം ആക്ററ്)

(1974-ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1974

# പാർലമെൻററ് നടപടികഠം (പ്രസിദ്ധീകരണ പരിരക്ഷണ) ആക്ററ്, 1956

(1956-ലെ 24-ാം ആക്ററ്)

## പാർലമെൻററ് നടപടികളുടെ റിപ്പോർട്ടുകളുടെ പ്രസിദ്ധീകരണത്തിൻെറ സംരക്ഷണത്തിനുള്ള ആക്ററ്

ഇൻഡ്യാ റിപ്പബ്ലിക്കിൻെറ ഏഴാം സംവൽസരത്തിൽ, പാർലമെൻററ് താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

[1956 മേയ്, 26.]

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്ററിന് പാർലമെൻററ് നടപടികഠം (പ്രസിദ്ധീകരണ പരിരക്ഷണ) ആക്ററ്, 1956 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റേററ്റ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

2. നിർവ്വചനം.— ഈ ആക്ററിൽ, ''വർത്തമാനപ്പത്രം'' എന്നതിന് പൊതുവാർത്തകളോ, പൊതുവാർത്തകളെപ്പററിയുള്ള അഭിപ്രായങ്ങളോ അടങ്ങുന്ന അച്ചടിക്കപ്പെട്ട ഏതെങ്കിലും ആനുകാലികകൃതി എന്നർത്ഥമാകുന്നതും, അതിൽ ഒരു വർത്തമാനപ്പത്രത്തിൽ പ്രസിദ്ധീകരണത്തിനുള്ള വസ്തു കൊടുക്കുന്ന ഒരു വാർത്താ ഏജൻസി ഉഠംപ്പെടുന്നതും ആകുന്നു.

3. പാർലമെൻററ് നടപടികളുടെ റിപ്പോർട്ടുകളുടെ പ്രസിദ്ധീകരണത്തിന് വിശേഷാവകാശമുണ്ടെന്ന്.— (1) (2)-ാം ഉപവകുപ്പിൽ മററുവിധത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ, പാർലമെൻറിൻെറ ഇരു സഭകളിൽ ഏതിലേയെങ്കിലും ഏതെങ്കിലും നടപടിയുടെ, സാരാംശത്തിൽ സത്യമായ ഒരു റിപ്പോർട്ട് ഒരുവർത്തമാനപ്പത്രത്തിൽ പ്രസിദ്ധപ്പെടുത്തുന്നത് സംബന്ധിച്ച്, യാതൊരാളും, ആ പ്രസിദ്ധീകരണം ദുരുദ്ദേശ്യത്തോടുകൂടിയതാണെന്ന് തെളിയിക്കപ്പെടാത്തപക്ഷം, ഏതെങ്കിലും കോടതിയിൽ, ഏതെങ്കിലും സിവിലോ ക്രിമിനലോ ആയ നടപടിക്ക് വിധേയനാക്കപ്പെടാവുന്നതല്ല.

(2) (1)-ാംഉപവകുപ്പിലെ യാതൊന്നിനും, അത്, ഏതു വസ്തുവിൻെറ പ്രസിദ്ധീകരണമാണോ പൊതു നൻമയ്ക്കുവേണ്ടിയുള്ളതല്ലാത്തത്, അങ്ങനെയുള്ള ഏതെങ്കിലും വസ്തുവിൻെറ പ്രസിദ്ധീകരണത്തിന് സംരക്ഷണം നല്കുന്നതായി അർത്ഥം കല്പിക്കാൻ പാടുള്ളതല്ല.

4. വയർലസ് ടെലിഗ്രാഫി വഴി പ്രക്ഷേപണം ചെയ്യപ്പെടുന്ന പാർലമെൻററ് നടപടികഠംക്കുംആക്ററ് ബാധകമാണെന്ന്.— ഈ ആക്ററ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങഠംക്ക് ഉള്ളിൽ സ്ഥിതിചെയ്യുന്ന ഒരു പ്രക്ഷേപണനിലയംവഴി ഏർപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും പരിപാടിയുടേയോ സർവ്വീസിൻേറയോ ഭാഗമായി, വയർലസ് ടെലിഗ്രാഫി വഴി പ്രക്ഷേപണം ചെയ്യപ്പെടുന്ന റിപ്പോർട്ടുകളോ വസ്തുവോ സംബന്ധിച്ച്, ഈ ആക്ററ് ഒരു വർത്തമാനപ്പത്രത്തിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടുകളോ വസ്തുവോ സംബന്ധിച്ച് ബാധകമാകുന്നതുപോലെ, ബാധകമാകുന്നതാണ്.

3/2562/V.